# നമ്മൾ ‘ഓവർ റൊമാന്റിക്’

## ആർക്കിടെക്ചറിന്റെ കാര്യത്തിൽ പൈതൃകത്തോടുള്ള നമ്മുടെ സമീപനം അതിവൈകാരികം ആയിപ്പോയി

ഡോക്ടറാണ് ബെന്നി കുര്യാക്കോസ്. മനുഷ്യരെയല്ല, പഴയ കെട്ടിടങ്ങളെയാണ് ചികിത്സിക്കുന്നത് എന്നുമാത്രം! എത്ര പഴക്കമുള്ള കെട്ടിടത്തിനും ഇവിടെ ചികിത്സയുണ്ട്. കേടുപാടുകൾ എത്ര സങ്കീർണമായാലും പരിഹാരവുമുണ്ട്. കാലപ്പഴക്കത്തിന്റെ അവശതകളെല്ലാം അകറ്റി ഇനിയൊരു നൂറു വർഷത്തേക്കു കൂടി ആയുസ്സ് നീട്ടിക്കിട്ടിയ പൊതുമന്ദിരങ്ങളുടെയും വീടുകളുടെയും നീണ്ടനിര തന്നെ അതിനു തെളിവ്.

ആലപ്പുഴ പൈതൃക പദ്ധതിയുടെ അവലോകനത്തിനായി എത്തിയ ബെന്നി കുര്യാക്കോസ് വനിത വീടിനോട് സംസാരിക്കുന്നു...



പൈതൃകശൈലി കാലാനുസൃതമായ മാറ്റങ്ങളോടെ പുനരവതരിപ്പിച്ചപ്പോൾ. പുതിയതായി നിർമിച്ച വീടിന്റെ പൂമുഖം.

**പൈതൃകം എന്ന വാക്കിന്റെ അർഥം വിശദമാക്കാമോ...?**

വളരെ വിശാലമായ അർഥതലങ്ങളുള്ള വാക്കാണ് പൈതൃകം. ഏറ്റവും ലളിതമായി പറഞ്ഞാൽ, മുൻതലമുറയിൽ നിന്നു നമുക്ക് കൈമാറിക്കിട്ടുന്നതാണ് പൈതൃകം. അതു രണ്ടു തരത്തിലുണ്ട്; സ്പർശവേദ്യമായതും (tangible) സ്പർശവേദ്യമല്ലാത്തതും (intangible). കെട്ടിടങ്ങൾ, ഉപകരണങ്ങൾ എന്നിവയൊക്കെ ആദ്യത്തെ വിഭാഗത്തിൽ ഉൾപ്പെടും. കലാരൂപങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ തുടങ്ങിയവ രണ്ടാമത്തേതിലും.

**എത്ര പഴക്കമുള്ള കെട്ടിടമാണ് ‘ഹെറിറ്റേജ് ബിൽഡിങ്’ എന്ന പദവിക്ക് അർഹം?**

ആർക്കിടെക്ചറൽ സർവേ ഓഫ് ഇന്ത്യയുടെ നിർദേശ പ്രകാരം നൂറ് വർഷത്തിനുമേൽ പഴക്കമുള്ള കെട്ടിടങ്ങളാണ് ഈ വിഭാഗത്തിൽ വരിക. ഇവ പൊളിക്കുന്നതിനും പുതുക്കിപ്പണിയുന്നതിനുമൊക്കെ അനുമതി ആവശ്യമാണ്.

നിങ്ങൾക്കു കൈമാറി കിട്ടിയ കെട്ടിടം അൻപതോ അറുപതോ വർഷം മാത്രം പഴക്കമുള്ളതാണെങ്കിലും അതിന് ‘പൈതൃക ഭവനം’ എന്ന പരിഗണന നൽകണം എന്നാണ് എന്റെ അഭിപ്രായം.

**പഴയ കെട്ടിടങ്ങൾ കഴിവതും പൊളിക്കാതെ നിലനിർത്തണം എന്നു പറയുന്നതിന്റെ യുക്തി എന്താണ്?**

കേവലയുക്തി കൊണ്ടു മാത്രം അളക്കേണ്ട കാര്യമല്ല ഇത്. നമ്മുടെ പൈതൃകത്തിന്റെ അവശേഷിപ്പുകളാണ് പഴയ കെട്ടിടങ്ങൾ. ഒരിക്കൽ നഷ്ടപ്പെട്ടാൽ അത് എന്നേക്കുമാണ്. പിന്നീടൊരിക്കലും പുനഃസൃഷ്ടിക്കാനാകില്ല. പാശ്ചാത്യ ലോകത്തിന് അറുപതുകളിൽ സംഭ



**ഡോ. ബെന്നി കുര്യാക്കോസ്**

പൈതൃക സംരക്ഷണ രംഗത്തെ അഗ്രഗണ്യൻ. 1984 ൽ ലാറി ബേക്കറുടെ ശിഷ്യനായി വാസ്തുകല അഭ്യസിച്ചു തുടങ്ങി. ചാൾസ് വാലസ് അവാർഡ് കരസ്ഥമാക്കി, ഇംഗ്ലണ്ടിലെ യോർക്ക് സർവകലാശാലയിൽ നിന്നു പൈതൃക സംരക്ഷണത്തിൽ ബിരുദാനന്തര ബിരുദം നേടി. മദ്രാസ് ഐഐടിയിൽ നിന്നു പിഎച്ച്ഡിയും സ്വന്തമാക്കി. മുസിരിസ്, ആലപ്പുഴ പൈതൃക പദ്ധതികളുടെ മാസ്റ്റർ പ്ലാൻ തയാറാക്കി. പൈതൃക സംരക്ഷണ പ്രവർത്തനങ്ങളിൽ യുനെസ്കോ, യുഎൻഡിപി, വിവിധ സംസ്ഥാന ഗവൺമെന്റുകൾ എന്നിവയുടെ ഉപദേശകനാണ്. ‘Conserving Timber Structures In India’ എന്ന പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.



വിച്ച അബദ്ധമാണിത്. ഇപ്പോൾ അവർ അതിൽ പശ്ചാത്തപിക്കുന്നു.

നമ്മുടെ പൈതൃകവും സംസ്കാരവും വരുംതലമുറയ്ക്ക് അനുഭവവേദ്യമാക്കാൻ കഴിയുമെന്നത് പൈതൃക സംരക്ഷണം കൊണ്ടുള്ള നേട്ടമാണ്. പക്ഷേ, എന്റെ അഭിപ്രായത്തിൽ മുഖ്യ നേട്ടം ഇതല്ല. ‘കാർബൺ പുറന്തള്ളൽ’ (carbon emission) പൂർത്തിയാക്കിയ ഒരു കെട്ടിടം അപ്പാടെ റീസൈക്ക്ൾ ചെയ്യാനാകും. എത്രമാത്രം നിർമാണവസ്തുക്കളാണ് ഇതിലൂടെ സംരക്ഷിക്കപ്പെടുന്നത്; എത്രയധികം ഊർജമാണ് ലാഭിക്കുന്നത്. ഗ്രീൻ ബിൽഡിങ്ങിനുള്ള ‘പ്ലാറ്റിനം റേറ്റിങ്ങ്’ അല്ല ‘ട്രിപ്പിൾ പ്ലാറ്റിനം റേറ്റിങ്’ ആണ് സംരക്ഷിക്കപ്പെട്ട കെട്ടിടങ്ങൾക്ക് നൽകേണ്ടത്. പക്ഷേ, കോൺക്രീറ്റ് കെട്ടിടങ്ങൾക്കേ നമ്മുടെ നാട്ടിൽ ‘ഗ്രീൻ റേറ്റിങ്’ ലഭിക്കാറുള്ളൂ. ഉപയോഗിക്കേണ്ട ഗ്ലാസ്സിന്റെയും സ്റ്റീലിന്റെയും കനത്തെപ്പറ്റി വരെ വാചാലരാകുന്നവർ പഴയ കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിനെപ്പറ്റി മൗനം പാലിക്കുകയാണു പതിവ്.

**പൈതൃക കെട്ടിടങ്ങൾ ഒരിക്കൽ നഷ്ടപ്പെട്ടാൽ പിന്നീടൊരിക്കലും പുനഃസൃഷ്ടിക്കാനാകില്ല.**





പറവൂർ സിനഗോഗ് നവീകരണത്തിനു ശേഷം (മുകളിൽ).
നവീകരിച്ച പാലിയം നാലുകെട്ട് (താഴെ).

**നമ്മൾ പൈതൃകത്തിന് വില കൽപ്പിക്കുന്നില്ല എന്നാണോ?**

അങ്ങനെയല്ല. ആർക്കിടെക്ചറിന്റെ കാര്യത്തിൽ, പൈതൃകബിംബങ്ങളുടെ സ്വാധീനമുള്ള പുതിയൊരു കേരളീയശൈലി മുഖ്യധാരയുടെ ഭാഗമായി തന്നെ നിലവിലുണ്ട്. രണ്ടായിരാമാണ്ടിനു ശേഷം ഉണ്ടായ മാറ്റം ആണിത്. കോൺക്രീറ്റ് വീടിനു മുകളിലും ഓടുമേഞ്ഞ, ചരിഞ്ഞ മേൽക്കൂര ഇടംപിടിച്ചു തുടങ്ങിയതും തട്ടിൻപുറത്ത് കിടന്നിരുന്ന പറയും കിണ്ടിയുമൊക്കെ സ്വീകരണമുറിയിലേക്ക് എത്തിയതുമൊക്കെ ഈ ട്രെൻഡിന്റെ ഫലമാണ്.

**ഈ പറഞ്ഞ ‘നവ കേരളീയ ശൈലി’ എങ്ങിനെയാണ് രൂപപ്പെട്ടത്?**

അതാണ് രസകരം. പൊതുജനം വിചാരിച്ചതുകൊണ്ട്, അതായത് പോപ്പുലർ ഡിമാൻഡിന്റെ ഫലമായി മാത്രം രൂപപ്പെട്ടതാണ് ഈ ശൈലി. അതല്ലാതെ ഒരു ‘ഇസ’വും ഇതിനെ പിന്തുണച്ചിട്ടില്ല. സ്ഥലവുമായോ കാലാവസ്ഥയുമായോ യാതൊരു ബന്ധവുമില്ലാത്ത കെട്ടിടങ്ങളല്ലല്ലോ നമ്മൾക്കു വേണ്ടത് എന്ന ജനങ്ങളുടെ ചിന്തയുടെ ഫലമാണ് ഈ മാറ്റം. ഇവിടെ മാത്രമല്ല, ലോകത്തെല്ലായിടത്തും ഇത്തരത്തിലുള്ള പുനർവിചിന്തനങ്ങൾ ഉണ്ടായിട്ടുണ്ട്.

**വരാന്ത, നടുമുറ്റം... ഒരുകാലത്ത് മലയാളി ഉപേക്ഷിച്ച പലതും ഈ ട്രെൻഡിന്റെ ഭാഗമായി തിരിച്ചെത്തി...**

ശരിയാണ്. പരമ്പരാഗതമായ എല്ലാത്തിനോടും എന്നപോലെ പുച്ഛവും അവജ്ഞയും നിറഞ്ഞ സമീപനമായിരുന്നു സ്വാതന്ത്ര്യാനന്തരം വാസ്തുകലയ്ക്കും നേരിടേണ്ടിവന്നത്. നവോത്ഥാന ചിന്താഗതിയും ഇംഗ്ലിഷ് വിദ്യാഭ്യാസവുമൊക്കെ അതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. പഴയ മൂത്താശാരിമാരിൽ നിന്ന് എൻജിനീയർമാരും ആർക്കിടെക്ടുമാരും വീടുനിർമാണം ഏറ്റെടുത്തതോടെ വീട് എന്നാൽ കോൺക്രീറ്റ് വീട് എന്നതു മാത്രമായി. തടിയും കുമ്മായവും മുളയുമൊക്കെ നിലവാരം കുറഞ്ഞ വസ്തുക്കളായി. കോൺക്രീറ്റ് വീട് സ്റ്റാറ്റസ് സിംബലാണ് എന്നൊരു ധാരണ സമൂഹത്തിലും രൂപപ്പെട്ടു. തൊണ്ണൂറുകളുടെ അവസാനം വരെ ഇതായിരുന്നു സ്ഥിതി. വരാന്തയും നടുമുറ്റവും മാത്രമല്ല, പരമ്പരാഗതശൈലിയുടെ ഭാഗമായ, നഷ്ടപ്പെട്ടു എന്നു കരുതിയ പലതും തിരിച്ചെത്തിയത് ഇതിനു ശേഷമാണ്.

**പൈതൃകശൈലിയിൽ നിന്നു തീർത്തും വിഭിന്നമായ നിർമാണശൈലിക്കെതിരെ യാതൊരു പ്രതിരോധവും ഉയർന്നില്ല എന്നാണോ?**

രണ്ട് പേരുകൾ എടുത്തു പറയേണ്ടതുണ്ട്. ലാറി ബേക്കറുടെയും ഡി. അപ്പുക്കുട്ടൻ നായരുടെയും. വെറും ചതുരപ്പെട്ടി എന്നതിനപ്പുറം ചുറ്റുപാടുകൾക്കും കാലാവസ്ഥയ്ക്കും യോജിച്ച രീതിയിൽ വീടൊരുക്കി മാറ്റത്തിനു വഴിതെളിച്ചയാളാണ് ലാറി ബേക്കർ. പഴയ പിഎച്ച്ഇഡി ചീഫ് എൻജിനീയർ ആയിരുന്നു അപ്പുക്കുട്ടൻ നായർ. കലാമണ്ഡലത്തിലെ കൂത്തമ്പലം രൂപകൽപന ചെയ്തതും ഫൈൻ ആർട്സ് കോളജിന്റെയും സാഹിത്യ അക്കാദമി ഹാളിന്റെയും നവീകരണം നടത്തിയതും അദ്ദേഹമാണ്. സർക്കാർ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ പരമ്പരാഗത ശൈലിയിൽ കെട്ടിടം രൂപകൽപന ചെയ്യുന്നത് അന്ന് ചിന്തിക്കാനാവുമായിരുന്നില്ല.

വിസ്മരിക്കപ്പെട്ടു പോകുമായിരുന്ന പല നന്മകളും ഓർമിപ്പിച്ചതും അതിലേക്കു മടങ്ങാൻ പ്രേരിപ്പിച്ചതും ഇവർ രണ്ടുപേരുമാണ്.

**നമ്മൾ ഇപ്പോൾ പിന്തുടരുന്ന നവകേരളീയ ശൈലി ആശയപരമായി സത്യസന്ധത പുലർത്തുന്നതാണോ ?**

‘ഓവർ റൊമാന്റിക്’ ആയിപ്പോയി എന്നതാണ് ഇപ്പോൾ നമ്മൾ പിന്തുടരുന്ന കേരളീയ ശൈലിയുടെ ന്യൂനത. അന്തഃസത്ത ഉൾക്കൊള്ളുന്നതിനു പകരം ‘ഫാന്റസി’ അല്ലെങ്കിൽ ‘സ്റ്റൈൽ’ എന്ന രീതിയിലുള്ള പ്രകടനപരതയിലാണ് മലയാളി ഇപ്പോൾ അഭിരമിക്കുന്നത്. മുഖപ്പും നടുമുറ്റവുമൊക്കെ പണിയുന്നത് ആശയപരമായ സത്യസന്ധത ഉൾക്കൊണ്ടല്ല. ഫാഷൻ എന്ന രീതിയിൽ ചെയ്യുന്നു, അത്രമാത്രം. നാളെ കൂടുതൽ രസിപ്പിക്കുന്ന മറ്റെന്തെങ്കിലും വരുമ്പോൾ ഈ കമ്പത്തിന് മാറ്റം വരാം. അതാണ് അപകടം.



ലാറി ബേക്കർ



അപ്പുക്കുട്ടൻ നായർ

**നവകേരളീയ ശൈലിക്ക് വഴിമരുന്നിട്ടവരിൽ ഈ രണ്ടു പേരുകൾ മറക്കാനാവില്ല.**



പഴയ തറവാടിന്റെ വരാന്ത നവീകരിച്ചെടുത്തപ്പോൾ. തടികൊണ്ടുള്ള മേൽക്കൂര അറ്റകുറ്റപ്പണികൾ ചെയ്തു നിലനിർത്തി (താഴെ).

**പഴയ വീടുകളിൽ സൗകര്യങ്ങൾ കുറവായിരിക്കും. പരിപാലനം ചെലവേറിയതുമാണ്. നിലനിർത്തണമെന്ന് ആഗ്രഹമുള്ളവർ പോലും വീട്പൊളിക്കുന്നത് ഇക്കാരണങ്ങളാലല്ലേ?**

അമേരിക്കൻ പ്രസിഡന്റും നമ്മുടെ രാഷ്ട്രപതിയും താമസിക്കുന്നത് നൂറ് വർഷത്തിൽ കൂടുതൽ പഴക്കമുള്ള വീടുകളിലാണ്. അവർ അത് അഭിമാനമായി കാണുന്നു. നമ്മുടെ കാര്യത്തിൽ, നമ്മൾ അത് ബാധ്യത ആയി കാണുന്നു. അതാണ് വ്യത്യാസം.

മിക്കയിടത്തും പണത്തിന്റെ കുറവു കാരണമല്ല കെട്ടിടം പൊളിക്കുന്നത്. പണവും വിഭവങ്ങളും കൂടുതൽ ഉള്ളപ്പോഴാണ് പല മണ്ടൻ ആശയങ്ങളും തലയിൽ ഉദിക്കുന്നതും പഴയതിനെ മാറ്റിയെടുക്കാൻ തോന്നുന്നതും!



പുതിയ കാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് പഴയ വീടിനെ പരുവപ്പെടുത്തി എടുക്കാനാകും. അതാണു വേണ്ടത്. വെളിച്ചം, മുറികൾക്കു വലുപ്പം, അറ്റാച്ഡ് ബാത്റൂമുകൾ എന്നിവയൊക്കെ പഴയ വീട്ടിൽ ഏർപ്പെടുത്താനാകും.

പരിപാലനത്തിന്റെ കാര്യത്തിൽ രണ്ടു കാര്യങ്ങളാണ് സുപ്രധാനം. യഥാസമയം അറ്റകുറ്റപ്പണി നടത്തുക എന്നതും തെറ്റായ രീതിയിൽ പണികൾ ചെയ്യാതിരിക്കുക എന്നതും.

'A stitch in time saves nine' എന്നത് അറ്റകുറ്റപ്പണിയുടെ കാര്യത്തിലും അച്ചട്ടാണ്. തകരാർ കൃത്യമായി മനസ്സിലാക്കി വേണം പരിഹാരം കാണാൻ.

കോൺക്രീറ്റ് വീടുകളെ അപേക്ഷിച്ച് പഴയ വീടുകൾക്ക് പരിപാലനച്ചെലവ് കൂടും എന്ന വാദത്തിൽ യാതൊരു കഴമ്പുമില്ല. ജോലി അറിയാത്തവരെ പണി എൽപിക്കുന്നതാണ് ചെലവ് കൂടാനുള്ള ഒരു കാരണം.

**ആശയപരമായ അടിത്തറ ഇല്ലാതെ 'സ്റ്റൈൽ' എന്ന രീതിയിൽ മാത്രം പിന്തുടരുന്ന കാര്യങ്ങൾ അധിക കാലം നിലനിൽക്കില്ല.**

പാലിയം നാലുകെട്ടിന്റെ ഉൾഭാഗം നവീകരണത്തിനു ശേഷം (മുകളിൽ). കോട്ടപ്പുറം അങ്ങാടി നവീകരിച്ച ശേഷമുള്ള ദൃശ്യം (താഴെ).



**തടിയും കുമ്മായവും ഉപയോഗിച്ചു പരിചയമുള്ള തൊഴിലാളികളുടെ എണ്ണം അനുദിനം കുറയുകയാണ്...**

വളരെ നിർഭാഗ്യകരമാണത്. നമ്മുടെ പാഠ്യപദ്ധതിയും കാഴ്ചപ്പാടുമാണ് ഇതിൽ പ്രതികൾ.

എൻജിനീയറിങ് കോളജുകളിൽ കോൺക്രീറ്റ് വീടുകൾ നിർമിക്കുന്നതിനെകുറിച്ചേ പഠിപ്പിക്കുന്നുള്ളൂ. അവ ലോകാവസാനം വരെ നിലനിൽക്കുമെന്ന രീതിയിലാണ് പ്രചാരണം. അൻപതോ അറുപതോ വർഷത്തെ ആയുസ്സ് മാത്രമേ ഇവയ്ക്കുള്ളു എന്നതാണ് വാസ്തവം.

അപ്പോൾപിന്നെ ഇതിലും കൂടുതൽ കാലം ഈടുനിൽക്കുന്ന നിർമാണശൈലികളെപ്പറ്റി പഠിപ്പിക്കാത്തതിന്റെ കാരണമെന്താണ്?

**പഴയ കെട്ടിടങ്ങളുടെ സംരക്ഷണത്തിന്റെ കാര്യത്തിൽ ആഗോളതലത്തിലുള്ള പുതിയ പ്രവണതകൾ എന്തെല്ലാമാണ്?**

പൈതൃക സംരക്ഷണം അഥവാ 'കൺസർവേഷൻ' കൂടുതൽ പൊസിറ്റീവ് ആയി മാറി എന്നതാണ് ശ്രദ്ധേയമായ മാറ്റം. കേവലം കെട്ടിടം സംരക്ഷിക്കുക എന്നതിനപ്പുറം വിശാലമായ തലത്തിലേക്കു കാര്യങ്ങൾ മാറിയിരിക്കുന്നു.

പഴയ കെട്ടിടങ്ങൾക്കു പുതിയ ഉപയോഗങ്ങൾ കണ്ടെത്തുകയും അവ വരുമാന മാർഗമാക്കുകയും ചെയ്യുന്നതാണ് ഏറ്റവും പുതിയ ട്രെൻഡ്.

**20 വർഷത്തിനപ്പുറം പൈതൃക സംരക്ഷണത്തെപ്പറ്റിയുള്ള നമ്മുടെ കാഴ്ചപ്പാട് എങ്ങനെയായിരിക്കും?**

1985 – ൽ ദേശമംഗലം മന പൊളിച്ചപ്പോഴാണ് ഒരു കെട്ടിടം പൊളിക്കുന്നതിനെപ്പറ്റി ആദ്യമായി പത്രങ്ങളിൽ വാർത്ത വരുന്നത്. അതിനു മുൻപ് മനകളും തറവാടുകളുമൊന്നും പൊളിക്കുന്നത് വാർത്തയേ അല്ലായിരുന്നു. ഇന്ന് സ്ഥിതി കൂടുതൽ മാറി.

പൈതൃകത്തെപ്പറ്റിയുള്ള അവബോധം കൂടി. സർക്കാർ തലത്തിലും വലിയ ഇടപെടലുകൾ നടക്കുന്നു. പൈതൃകത്തിന്റെ മൂല്യം കൂടുതലായി തിരിച്ചറിയുന്ന നാളുകളായിരിക്കും ഇനി വരിക. ■

തയാറാക്കിയത്:
**സിനു കെ. ചെറിയാൻ**